Government Women's Polytechnic College
[Approved by All India Council for Technical Education]
Nedupuzha, Thrissur, Kerala, INDIA – 680007 web: gwpctsr.ac.in
Ph:487-2449182, Email: gwpcthrissur@gwpctsr.ac.in

## പോളിടെക്നിക്ക് പ്രവേശനത്തിന് പെൺകുട്ടികൾക്ക് പ്രത്യേക അവസരം

2021-22 വർഷത്തിലെ പോളിടെക്നിക്ക് പ്രവേശനത്തിന്റെ ഭാഗമായി തൃശൂർ നെടുപുഴ ഗവ. വനിതാ പോളിടെക്നിക് കോളേജിൽ അവശേഷിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് നാലാമത്തെയും അവസാനത്തെയും **സ്പോട്ട് അഡ്മിഷൻ** നടത്തുന്നു. പോളിടെക്നിക്ക് പ്രവേശനത്തിന് നേരത്തെ അപേക്ഷ കൊടുക്കാൻ സാധിയ്ക്കാതിരുന്ന പെൺകുട്ടികൾക്ക് അപേക്ഷിയ്ക്കാൻ പ്രത്യേക അവസരമൊരുക്കാനാണ് ഉദ്ദേശിയ്ക്കുന്നത്.

കഴിഞ്ഞ ആറു പതിറ്റാണ്ടായി തൃശൂർ ജില്ലയിൽ മാത്രമല്ല സംസ്ഥാനത്ത് തന്നെ ഉന്നതസ്ഥാനത്തുള്ള വിദ്യാഭ്യാസ കേന്ദ്രമാണ് ഈ കോളേജ്. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ (AICTE) കർക്കശമായ പരിശോധനയ്ക്കു ശേഷം കേരളത്തിലാദ്യമായി എൻ.ബി.എ അക്രഡിറ്റേഷൻ തൃശൂർ നെടുപുഴ ഗവ. വനിതാ പോളിടെക്നിക്ക് കോളേജിലെ കമ്പ്യൂട്ടർ പ്രോഗ്രാമിന് ലഭിച്ചത് കഴിഞ്ഞ വർഷമാണ്. ജില്ലയിൽ സർക്കാർ മേഖലയിലുള്ള ഏക വനിതാ കോളേജായ നെടുപുഴ ഗവ. വനിതാ പോളിടെക്നിക്കിൽ കേരളത്തിലെ മിയ്ക്കവാറും ജില്ലകളിലെ കുട്ടികൾ പഠിയ്ക്കുന്നതിനാൽ മികച്ച ഹോസ്റ്റൽ സൗകര്യവുമുണ്ട്.

താത്പര്യമുള്ളവർ നവംബർ 24, 25, 26 എന്നീ തിയ്യതികളിൽ രാവിലെ 9 മണി മുതൽ 10.30 മണിയ്ക്കു മുമ്പായി കോളേജിൽ നേരിട്ട് വന്ന് അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്. പൊതു വിഭാഗക്കാർ അപേക്ഷാ ഫീസായി 150 രൂപയും SC/ST വിഭാഗത്തിൽപെട്ടവർ 75 രൂപയും ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്. ഓരോ ദിവസവും ലഭിയ്ക്കുന്ന അപേക്ഷകൾ പരിശോധിച്ച് രാവിലെ 11 മണിയ്ക്ക് റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്നതും തുടർന്ന് പ്രവേശനം നടത്തുന്നതുമാണ്.

കൂടാതെ, മുമ്പ് അപേക്ഷ സമർപ്പിച്ചവരും എന്നാൽ ഈ കോളേജിൽ പ്രവേശനം നേടാൻ സാധിയ്ക്കാത്തവരുമായ വിദ്യാർത്ഥിനികൾക്കും ഈ സ്പോട്ട് അഡ്മിഷൻ അവസരം ഉപയോഗപ്പെടുത്താവുന്നതാണ്.

വിശദ വിവരങ്ങൾക്ക് 9446227368, 9745547007, 9446466464, 9447346470 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പ്രത്യേക നിർദ്ദേശങ്ങൾ

- പ്രവേശനത്തിന് ഹാജരാകുന്നവർ കോവിഡ് പ്രോട്ടോക്കോൾ നിർബന്ധമായും പാലിയ്ക്കേണ്ടതാണ്.

- വിദ്യാർത്ഥിനികളുടെ കൂടെ ഒന്നിൽ കൂടുതൽ ആളുകൾ വരാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

- എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി., സി.ബി.സി.ഇ., തുടങ്ങി എല്ലാ സർട്ടിഫിക്കറ്റുകളുടെയും ഒറിജിനൽ സമർപ്പിയ്ക്കേണ്ടതാണ്.

- കൂടാതെ വി.എച്ച്.എസ്.സി., ജാതി, സാമ്പത്തിക സംവരണം എന്നിങ്ങനെ ഏതെങ്കിലും ക്വോട്ടയിൽ പ്രവേശനം ലഭിച്ചിട്ടുള്ളവർ **അവരവർക്കു ബാധകമായ സർട്ടിഫിക്കറ്റുകൾ** - മാർക്ക്ലിസ്റ്റ്, വരുമാനം, ജാതി, നോൺ ക്രീമിലെയർ, നിശ്ചിത മാതൃകയിലുള്ള EWS സർട്ടിഫിക്കറ്റ് - തുടങ്ങിയവയുടെ ഒറിജിനൽ സമർപ്പിയ്ക്കേണ്ടതാണ്.

- എസ്.സി./എസ്.ടി. എന്നിവരൊഴികെ ഫീസാനുകൂല്യത്തിന് അർഹരായവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാകാത്തപക്ഷം മുഴുവൻഫീസും പ്രവേശന സമയത്ത് അടയ്ക്കേണ്ടി വരുന്നതാണ്.

- ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്(ടി.സി.), സ്വഭാവസർട്ടിഫിക്കറ്റ് എന്നിവ പ്രവേശനസമയത്ത് സമർപ്പിയ്ക്കേണ്ടതാണ്.

- ഫീസാനുകൂല്യം ഇല്ലാത്തവർ **3750**രൂപയും, ഒരു ലക്ഷംരൂപ വരെ വാർഷിക വരുമാനം ഉള്ളവർ **1000**രൂപയും, എസ്.സി./എസ്.ടി. വിഭാഗത്തിന് **1000**രൂപയും എടിഎം കാർഡ് ഉപയോഗിച്ച് ഇ-പോസ് മെഷീൻ വഴിയും, എല്ലാവരും പിടിഎ വരിസംഖ്യയും സ്റ്റുഡന്റ്സ് കോപ്പറേറ്റീവ് സൊസൈറ്റി മെമ്പർഷിപ്പിനും ഐഡന്റിറ്റി കാർഡിനുമായി **2080**രൂപ പണമായും ആണ് അടയ്ക്കേണ്ടത്. SC/ST വിഭാഗത്തിൽപെട്ടവർ പിടിഎ വരിസംഖ്യയായ **2000**രൂപ അടയ്ക്കേണ്ടതില്ല.

**പ്രിൻസിപ്പാൾ**